# ഫിലിപ്സ് കാർബൺ കമ്പനിയുടെ മലിനീകരണത്തിനെതിരെയുള്ള കരിമുകൾ ജനതയുടെ 20 വർഷത്തെ അതിജീവന ചരിത്രം

ഡോ. നന്ദകുമാർ

**കൊച്ചി** നഗരത്തിൽ നിന്നും ഏകദേശം 18 കിലോമീറ്റർ കിഴക്കു മാറി സ്ഥിതിചെയ്യുന്ന ഒരു ഉൾനാടൻ ഗ്രാമമാണ് കരിമുകൾ. എറണാകുളം ജില്ലയിലെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ഒന്നാണ് കരിമുകൾ. ഇവിടെ ഏകദേശം 60,000-ത്തോളം കുടുംബങ്ങൾ അധിവസിക്കുന്നു. (ജനസാന്ദ്രത 1141 സ്ക്വ. കി. മീ.) ഈ പ്രദേശത്തിന്റെ ഒരു പ്രത്യേകത, 14-ഓളം പുനരധിവാസ കോളനികൾ ഈ പ്രദേശത്ത് 1960 കാലഘട്ടം മുതലേ ഉണ്ട്. ഇങ്ങനെയുള്ള പ്രദേശത്തിന്റെ മധ്യത്തിലാണ് കാർബൺ ബ്ലാക്ക് ഫാക്ടറി 1978 ൽ സ്ഥാപിതമായത്.

ടയർ വ്യവസായത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു അസംസ്കൃത വസ്തുവാണ് കാർബൺ പൊടി. ഇതു കൂടാതെ പെയിന്റ്, മഷി എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ഈ പൊടി ഉപയോഗിച്ചുവരുന്നു. അർബുദത്തിന് ഇടയാക്കുന്ന രാസവസ്തുക്കളായ CBFS, LSHS എന്നിവ വായുവുമായി കൂട്ടിച്ചേർത്ത് ക്രാക്കിങ്ങ് (CRACKING) എന്ന സമ്പ്രദായത്തിലൂടെയാണ് കാർബൺ പൊടി ഉണ്ടാക്കുന്നത്. കാർബൺ ബ്ലാക്ക് കമ്പനികൾ മലിനീകരണത്തിന് കുപ്രസിദ്ധി ആർജ്ജിച്ചവയാണ്. ഇവയുടെ പ്രവർത്തനം മൂലം കാർബൺ പൊടി കൂടാതെ സൾഫറിന്റെയും കാർബണിന്റെയും വാതക മിശ്രിതങ്ങൾ അന്തരീക്ഷത്തിലേക്ക് തള്ളിവിടുന്നു. എണ്ണമയം കലർന്ന കാർബൺ പൊടി, വീഴുന്ന സ്ഥലത്ത് പറ്റിപിടിച്ചിരിക്കുന്നു. തറകളിലും ചുമരുകളിലും മറ്റുപകരണങ്ങളിലും വന്നുവീഴുന്ന ഈ പൊടി നീക്കം ചെയ്യുവാൻ സാദ്ധ്യമല്ല.

തുറന്ന പാത്രങ്ങളിൽ ഭക്ഷണം പാകം ചെയ്യുവാനോ ഭക്ഷിപ്പാനോ കൂടാതെ, വസ്ത്രങ്ങൾ കഴുകി പുറത്തിട്ട് ഉണക്കുവാൻ പോലും കഴിയാത്ത അവസ്ഥയാണ് ഇതു മൂലം ഉണ്ടാവുന്നത്.



ഓയിലാംശം കലർന്ന കാർബൺ മൂലം കുടിവെള്ളം പോലും മലനീകരിക്കപ്പെടുന്നു. ഈ പൊടി ശരീരത്തിൽ വീണാൽ തടിച്ചിലും ചൊറിച്ചിലും ഉണ്ടാകുന്നു. കാർബൺ പൊടി വന്നു വീഴുന്നതുമൂലം വൃക്ഷലദാതികൾ ഏകദേശം മുഴുവനായിത്തന്നെ നശിച്ചുകഴിഞ്ഞു. നെല്ല്, റബ്ബർ, കുരുമുളക് മുതലായവ കൃഷി ചെയ്തിരുന്ന ആയിരകണക്കിന് ഏക്കർ കൃഷിയിടങ്ങൾ ഇപ്പോൾ കൃഷിയോഗ്യമല്ലാതെ മാറിയിരിക്കുന്നു. ഇലകളിൽ കാർബൺ പൊടി പറ്റിപ്പിടിച്ചിരിക്കുന്നതുമൂലം മരങ്ങൾ കാലക്രമേണ ഉണങ്ങിപ്പോകുന്നു. കൃഷിയിടങ്ങളിൽ കാർബൺ പൊടി പാളികളായി കാണപ്പെടുന്നുവെന്ന് പുതിയ അന്വേഷണ കമ്മീഷൻ പോലും വെളിപ്പെടുത്തുന്നു. (ഡോ. ശർമ്മ കമ്മീഷൻ) കാർബൺ കമ്പനിയിൽ നിന്നും പുറത്തു വരുന്ന വിഷവാതകങ്ങൾ പ്രധാനമായും ഹൈഡ്രജൻ സൾഫൈഡ്, സൾഫർ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, മെർക്യാപ്റ്റൻ തുടങ്ങിയവയാണ്. ഈ വാതകങ്ങൾ ശ്വസിക്കുന്നതുമൂലം മനുഷ്യരിലും മൃഗങ്ങളിലും ശ്വാസകോശം, ഞരമ്പ്, ഉദരം, ത്വക്ക്, എന്നിവയെ ബാധിക്കുന്ന മാരകരോഗങ്ങൾ ഉണ്ടാകുന്നു. കഴിഞ്ഞ കാലങ്ങളിൽ കാർബൺ കമ്പനിയിലേക്കുള്ള അസംസ്കൃത വസ്തു മദ്രാസ് റിഫൈനറിയിൽ നിന്നാണ് വന്നുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ഇവ അമേരിക്കയിൽ നിന്നും കപ്പൽ മാർഗ്ഗമാണ് എത്തുന്നത്. ഒരു പക്ഷേ, അമേരിക്കയുടെ മണ്ണിൽ നിന്നും ഈ വിഷവസ്തു ഇവിടേക്ക് മാറ്റുന്നതിന് കമ്പനിക്ക് ഇങ്ങോട്ട് ധനസഹായം ലഭിക്കുന്നുണ്ടാകാം.

**കാലാനുക്രമമായ സംഭവങ്ങൾ:** 2001 ജൂലൈ 26-ാം തീയതി മലിനീകരണത്തിനെതിരെയുള്ള സമരങ്ങൾക്ക് ഒരു പുതിയ നാന്ദി കുറിച്ചു. അന്ന്, കരിമുകളിലെ ദുരിതമനുഭവിക്കുന്ന, അടിച്ചമർത്തപ്പെട്ട ജനങ്ങൾ ജാതിയും മതവും നോക്കാതെ, രാഷ്ട്രീയമില്ലാതെ, നേതാവില്ലാതെ ബലമായി കമ്പനി അടച്ചുപൂട്ടിച്ചു. അന്ന് വൈകീട്ട് 5.30 ന് അക്ഷരാർത്ഥത്തിൽ കാർബൺ പൊടി മഴയായി പെയ്യുകയായിരുന്നു. കൂടാതെ, സാധാരണ കമ്പനിയിൽ നിന്നും പുറത്തുവരുന്ന വിഷ വാതകങ്ങളേക്കാൾ പതിൻമടങ്ങ് അളവിലാണ് അന്ന് മാലിന്യങ്ങൾ പുറത്തേക്ക് ഒഴുകിയത്. ഈ മലിനീകരണം കൊണ്ട് പൊറുതി മുട്ടിയ കരിമുകൾ നിവാസികൾ കാർബൺ കമ്പനി മാനേജ്മെന്റിന്റെയും, മലിനീകരണ ബോർഡിന്റെയും, സർക്കാരുകളുടെയും മുമ്പിൽ ഇനിയും ജീവിതം പണയപ്പെടുത്താൻ തയ്യാറല്ല എന്ന് പ്രഖ്യാപിച്ച നിമിഷങ്ങളായിരുന്നു അത്.

**1978 മാർച്ച് :** പത്രവാർത്തകളിൽ കൂടി, കരിമുകളിൽ തുടങ്ങാൻ പോകുന്ന കമ്പനിയെ കുറിച്ച് അറിഞ്ഞ ജനങ്ങൾ അതിനെ എതിർത്തുകൊണ്ട് രംഗത്തു വന്നു.


**1978 ഏപ്രിൽ :** കാർബൺ കമ്പനിക്ക് തറക്കല്ലിടുന്നു. ഈ കമ്പനി മലിനീകരണം ഉണ്ടാക്കുകയില്ലെന്നും വിദേശ സാങ്കേതിക വിദ്യയിൽ നിർമ്മിച്ചതാണെന്നുമുള്ള, കേന്ദ്ര-സംസ്ഥാന മന്ത്രിമാരുടെ ഉറപ്പിന്മേൽ ജനങ്ങൾ സമരത്തിൽ നിന്നും പിൻമാറുന്നു.

**1983 ഡിസംബർ :** കാർബൺ ബ്ലാക്ക് കമ്പനി പ്രവർത്തനമാരംഭിക്കുകയും കരിമുകൾ ജനതയുടെ ദുരിതം ആരംഭിക്കുകയും ചെയ്തു. ശക്തമായ

സമരം ലാത്തിച്ചാർജ്ജിലൂടെയും പോലീസ് മർദ്ദനത്തിലൂടെയും അടിച്ചമർത്തപ്പെട്ടു. കരിമുകളിൽ 10 ദിവസത്തേക്ക് നിരോധനാജ്ഞ പ്രഖ്യാപിക്കപ്പെട്ടു. കടകളും, ഹോട്ടലുകളും അടച്ചിട്ട് 10 ദിവസത്തേക്ക് ഹർത്താൽ ആചരിച്ചു. സമരം ചെയ്ത സാധാരണക്കാരായ ജനങ്ങളുടെ മേൽ പോലീസ് കള്ളക്കേസുകൾ ചാർജ്ജ് ചെയ്തു. കമ്പനി അടക്കുന്നതിനു വേണ്ടിയുള്ള പൊതു താൽപ്പര്യ ഹർജ്ജിയുടെ ഭാഗമായി, കേരള ഹൈക്കോടതി അന്യായക്കാരോട് മുൻസിഫ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യുവാൻ ആവശ്യപ്പെട്ടു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് മാത്രമേ കമ്പനിക്കെതിരെ Air Pollution Act - 1981 പ്രകാരം നിയമനടപടികൾ കൈകൊള്ളുന്നതിന് അവകാശമുള്ളു.

മലിനീകരണം സഹിക്ക വയ്യാതെ ജനങ്ങൾ വീണ്ടും സമരം തുടങ്ങി. ജില്ലാ ഭരണാധികാരികൾ വേണ്ടപ്പെട്ടവരുമായുള്ള ചർച്ചക്കുശേഷം 'NEERI' യെ കാർബൺ കമ്പനിയുടെ മലിനീകരണത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ചു. അവരുടെ അന്വേഷണ റിപ്പോർട്ടിൽ കമ്പനിയിൽ യാതൊരുവിധ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ലെന്നും ഭാവിയിലുള്ള കമ്പനിയുടെ പ്രവർത്തനത്തിന് ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. പക്ഷേ കമ്പനി ഇവയൊന്നും നടപ്പാക്കിയില്ല. തുടർന്ന് പരാതിയുമായി ചെന്ന സമിതി, പ്രശ്നങ്ങൾ പരിഹരിക്കാമെന്ന മുഖ്യമന്ത്രിയുടെ ആവർത്തിച്ച ഉറപ്പിന്മേൽ സമരം പിൻവലിച്ചു. അതിന് ഏതാനും ദിവസങ്ങൾക്കുശേഷം കാർബൺ കമ്പനി വില്പന നികുതിയുടെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള സർക്കാരിന്റെ ഉത്തരവ് കമ്പനിക്ക് ലഭിക്കുകയാണുണ്ടായത്.

പ്രിൻസിപ്പൽ മുൻസിഫ് കമ്പനി മലിനീകരണത്തെക്കുറിച്ച് പഠിക്കുവാൻ മൂന്നംഗ കമ്മീഷനെ നിയോഗിച്ചു. അവരുടെ ഐക്യകണ്ഠേനയുള്ള റിപ്പോർട്ടിൽ കമ്പനിയിൽ നിന്നും ശക്തമായ മലിനീകരണം ഉണ്ട് എന്ന് റിപ്പോർട്ട് ചെയ്തു. തുടർന്ന് കോടതി മലിനീകരണ നിയന്ത്രണ ബോർഡിന്റെ എറണാകുളം റീജിയണൽ ഓഫീസിലെ എൻവയോൺമെന്റൽ എൻജിനീയറോട് ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവിട്ടു. 30-6-86 ലെ ഈ റിപ്പോർട്ട് മനസ്സാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. കമ്പനി അതിരൂക്ഷമായ മലിനീകരണം നടത്തുന്നുണ്ടെന്ന് റിപ്പോർട്ടിൽ ആരോപിക്കപ്പെട്ടു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കമ്പനിയോടുള്ള മൃദുവായ സമീപനം മൂലമാണ്, കമ്പനി ഈ രീതിയിൽ പ്രവർത്തിച്ചു പോന്നതെന്നും 28-02-1987 നകം എല്ലാവിധ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ഏർപ്പാടാക്കുന്നതിൽ വീഴ്ച വരുത്തിയാൽ കമ്പനിയെ പ്രവർത്തിക്കാൻ അനുവദിക്കരുതെന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു. കമ്പനി പക്ഷേ, ഇവയൊന്നും നടപ്പാക്കാതെ വീണ്ടും പ്രവർത്തനം തുടർന്നു. എന്നാൽ പ്രിൻസിപ്പൽ മുൻസിഫ്, കാർബൺ കമ്പനി മലിനീകരണം നടത്തുന്നു എന്നതിന് വ്യക്തമായ തെളിവുകൾ ഇല്ല എന്ന കാരണം പറഞ്ഞ് കേസ് തള്ളുകയാണുണ്ടായത്. ജനങ്ങൾ വീണ്ടും അവരുടെ സമരം തുടങ്ങിയെങ്കിലും രാഷ്ട്രീയ ഇടപെടലുകൾ മൂലം അത് ക്ഷയിച്ചുപോയി. ഈ വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ കൊടുക്കുകയും ഇതിന് വിധി പറയുവാൻ മൂന്നു വർഷമെടുക്കുകയും ചെയ്തു. കീഴ്ക്കോടതിയുടെ വിധി മേൽക്കോടതി ശരിവെയ്ക്കുകയാണുണ്ടായത്. പ്രൈമറി ബാഗ് ഫിൽറ്ററുകൾ ഒരു മലിനീകരണ സംവിധാനമാണെന്നുള്ള കമ്പനിയുടെ വാദം കോടതി ശരിവെച്ചു. (ഈ ബാഗ് ഫിൽറ്ററുകൾ ഉല്പാദന പ്രക്രിയയുടെ ഒരു ഭാഗമാണ്.)


ഫിലിപ്സ് കാർബൺ കമ്പനി

കമ്പനി അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുകയും, മലിനീകരണം കൂടുതലാവുകയും ചെയ്തു. ജനകീയ സമരങ്ങൾ പലപ്പോഴായി പോലീസിന്റെ ഇടപെടലുകൾ മൂലം അടിച്ചമർത്തപ്പെട്ടു. നാലു വർഷത്തെ കാലതാമസത്തിനുശേഷം ജില്ലാ കോടതി, കീഴ്ക്കോടതിയുടെ ഉത്തരവ് ശരിവെച്ചു. വെന്റ് ഗ്യാസ് യൂട്ടിലൈസേഷൻ എന്ന പ്രക്രിയയിലൂടെ മലിനീകരണം നിയന്ത്രിക്കാൻ സാധിക്കുമെന്ന് കമ്പനി വാദിച്ചു. (സത്യത്തിൽ ഇതവരുടെ വരുമാനം കൂട്ടുന്നതിന് വേണ്ടിയിട്ടായിരുന്നു. പുറത്തേക്ക് വമിപ്പിക്കുന്ന വാതകങ്ങൾ കത്തിച്ച് ഉണ്ടാക്കുന്ന ചൂട് കൊണ്ട് കാർബൺ തരികളെ ഉണക്കുവാൻ ഉപയോഗിക്കുന്നതു വഴി ഇന്ധന ചെലവ് കുറയ്ക്കുവാൻ സാധിക്കുന്നു. കൂടാതെ ഇതുവഴി മറ്റൊരു രൂപത്തിലുള്ള വിഷവാതകങ്ങൾകൂടി അന്തരീക്ഷത്തിൽ പടരുവാൻ ഇടയാകുകയും ചെയ്യുന്നു.) ഹൈക്കോടതിയിൽ കൊടുത്ത അപ്പീൽ 8 വർഷമായിട്ടും തീർപ്പാകാതെ കിടക്കുകയാണ്. കമ്പനിക്കെതിരെയുള്ള പല റിട്ട് പെറ്റീഷൻസും കഴിഞ്ഞ മൂന്ന് വർഷമായി തീർപ്പാകാതെ കിടക്കുകയാണ്. ഈ അടുത്ത കാലത്താണ് കോടതി ഈ കേസ്സ് എടുക്കുന്നത്. ട്രയൽ റൺ നടത്തുവാനായി കാർബൺ കമ്പനി കോടതിയെ സമീപിച്ചപ്പോഴാണ് ഈ കേസ്സുകൾ കോടതി എടുക്കാൻ ഇടയായതുതന്നെ.

ഫിലിപ്സ് കാർബൺ ബ്ലാക്ക് കമ്പനിയും (ആർ.പി.ജി. ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ളത്), KSPCB -ഉം കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ് ഭാരവാഹികളും കഴിഞ്ഞ 20 വർഷക്കാലമായി കമ്പനി, മലിനീകരണം നടത്തുന്നുവെന്ന് ഇപ്പോൾ സമ്മതിച്ചിരിക്കുകയാണ്. പക്ഷേ, ഇപ്പോഴും ആ പഴയ അവിശുദ്ധമായ കൂട്ടുകെട്ടിലൂടെ കള്ളക്കളി നടത്തുവാനാണ് ശ്രമം.

2001 ന്റെ തുടക്കത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതം കൂടാതെ യാതൊരു വിധ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുമില്ലാതെ കാർബൺ കമ്പനി ഒരു പുതിയ പ്ലാന്റ് പണിയുകയും അതിന്റെ ഉല്പാദനം ആരംഭിക്കുകയും ചെയ്തു. (Line - 3) ഇവിടുത്തെ ഗ്രാമപഞ്ചായത്ത് ഈ കമ്പനിയുടെ ലൈസൻസ് പുതുക്കുകയോ, മലിനീകരണ നിയന്ത്രണ ബോർഡിനുപോലും അജ്ഞാതമായ Line-3 എന്ന പുതിയ പ്ലാന്റിന് ലൈസൻസ് കൊടുക്കുകയോ ചെയ്തിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുവാദമില്ലാതെയും 1981 -ലെ Air Pollution Act -നെ മൊത്തമായി അവഗണിച്ചുകൊണ്ടും പണിതതായ മൂന്നാം പ്ലാന്റിനെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് യാതൊരു വിധ നടപടികളും കൈകൊണ്ടില്ല എന്നു

മാത്രമല്ല, കമ്പനിയുടെ കൂടെനിന്ന് അവരെ സഹായിക്കാനായി ഇത് കോടതിയിൽ നിന്ന് മറച്ചു വെയ്ക്കുകയും ചെയ്തു. 30-06-2002 നകം എല്ലാ വിധ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും നടപ്പാക്കുമെന്ന് കമ്പനി കോടതിയെ ബോധിപ്പിച്ചു. (കഴിഞ്ഞ 20 വർഷമായി പലവട്ടം പറഞ്ഞിട്ടുള്ള കാര്യമാണിത്.) ബഹു: ഹൈക്കോടതിയിൽ നിന്നും, നിയമപരമായല്ലാതെ പണിത് പ്രവർത്തിച്ചു കൊണ്ടിരുന്ന മൂന്നാം പ്ലാന്റിന് (Line-3) നൂതന സാങ്കേതിക വിദ്യയാണെന്ന് പറഞ്ഞ് ട്രയൽ റൺ നടത്തുവാനുള്ള അനുമതി കാർബൺ കമ്പനി നേടിയെടുത്തു. കരിമുകൾ ജനത വീണ്ടും മലിനീകരണ ദുരിതം അനുഭവിക്കുവാൻ വിധിക്കപ്പെട്ടു. അതുകൂടാതെ സെക്ഷൻ 433 പ്രകാരം നൂറു കണക്കിന് ആളുകൾ 26-07-2001 ലെ സംഭവത്തോടനുബന്ധിച്ച് കേസിൽ കുടുങ്ങി.

ട്രയൽ റൺ സമയത്ത് കമ്പനിയുടെ നിലവിലുള്ള കപ്പാസിറ്റിയുടെ വളരെ താഴ്ന്ന നിലയിൽ പ്രവർത്തിച്ചിട്ടു പോലും കമ്പനിയിൽ നിന്നും പുറത്തു വന്ന വിഷ മാലിന്യങ്ങൾ അനുവദനീയമായ തോതിനേക്കാൾ വളരെ കൂടുതലായിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് ഈ കണക്കുകൾ സൂക്ഷിച്ചിട്ടുണ്ട്. ഹസാർഡസ് കെമിക്കൽ ഇൻഡസ്ട്രി എന്ന വിഭാഗത്തിൽപ്പെടുന്ന ഈ കമ്പനി Red - വിഭാഗത്തിൽപ്പെടുന്നവയാണ്. 30-06-2002 മുതൽ 16-10-2002 വരെ ആരുടെയും അനുമതി കിട്ടാതെയാണ് ഈ കമ്പനി പ്രവർത്തിച്ചുകൊണ്ടിരുന്നത്. പരിസ്ഥിതി, ജല, വായു മലിനീകരണ നിയന്ത്രണ നിയമങ്ങൾക്ക് വിരുദ്ധമായിട്ടാണ് കമ്പനി പ്രവർത്തിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. 01-01-2003 ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 3 വർഷത്തേക്കു കൂടി ലൈൻ 3 പ്രവർത്തിപ്പിക്കുവാൻ ഉപാധികളോടെ അനുമതി കൊടുത്തു. ഇപ്പോൾ മലിനീകരണം ഇല്ല എന്നാണ് ഇതിനു പറഞ്ഞ കാരണം. ഈ ഉപാധികളൊക്കെ തന്നെ ഒന്നര വർഷം മുമ്പു പറഞ്ഞിട്ടുള്ളത് തന്നെയാണ്. പാർലമെന്ററി എസ്റ്റിമേറ്റ് കമ്മറ്റിയുടെ ഭാഗമായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് 2003 ജനുവരി 9 നും 10 നും കാർബൺ ബ്ലാക്ക് കമ്പനിയുടെ മലിനീകരണം കുറച്ച് സമയത്തേക്ക് അളക്കുകയുണ്ടായി. ഇത് അനുവദനീയമായ അളവിനേക്കാൾ വളരെ കൂടുതലാണ് എന്ന് സംസ്ഥാന ബോർഡിനെ അറിയിക്കുകയും ചെയ്തു. എന്നാൽ ഈ വിവരത്തെക്കുറിച്ച് അനുമതി പത്രത്തിനെതിരായിട്ട് അപ്പലേറ്റ് കോടതിയിൽ വാദം വന്നപ്പോൾ ബോർഡ് നിശബ്ദത പാലിച്ചു.

യാതൊരു വിധ ഫലപ്രദമായ നിവാരണ സംവിധാനങ്ങളും സ്വന്തമായി ഇല്ലാതെ അത്യന്തം ഹാനികരമായ ചെറുകിട രാസവ്യവസായ ശാല നടത്തുന്ന ഒരു സ്ഥാപനമാണ് കൊച്ചിയിലെ എൻവിറോ ഡിസൈൻസ്. കരിമുകൾ ഫിലിപ്പ്സ് കാർബൺ കമ്പനിക്ക് വേണ്ടി മലിനീകരണ നിവാരണ സംവിധാനങ്ങൾ രൂപകല്പ്പന ചെയ്യുകയും സ്ഥാപിക്കുകയും ചെയ്തത് മേൽപ്പറഞ്ഞ സ്ഥാപനമാണ്. വളരെ വിചിത്രമായ സംഗതി ഈ എൻവിറോ ഡിസൈൻസ് എന്ന സ്ഥാപനം തന്നെയാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് വേണ്ടി കമ്പനിയിലെ സ്റ്റാക്ക് മോണിട്ടറിംഗ്, ആമ്പിയന്റ് എയർ സാമ്പ്ളിംഗ്, ഫ്ളുവന്റ് അനാലിസിസ് മുതലായവ നടത്തുന്നത് എന്നതാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്ക് പ്രവർത്താനുമതി നൽകിയിരിക്കുന്നത്. ഈ റിപ്പോർട്ടുകളുടെ തന്നെ അടിസ്ഥാനത്തിലാണ് കേരള ഹൈക്കോടതിയും അപ്പലേറ്റ് കോടതിയും വിധികൾ പറഞ്ഞിട്ടുള്ളത്.

ഭൂഗർഭ വകുപ്പിന്റെ എറണാകുളം റീജിയണൽ ഓഫീസർ ഈ കമ്പനിയുടെ തൊട്ടടുത്ത പ്രദേശമായ പള്ളിമുകളിലെ തൊലശ്ശേരിത്താഴം ഭാഗത്ത് വെള്ളം കുടിക്കാൻ അനുയോജ്യമല്ല എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇത് കാർബൺ കമ്പനിയിലെ മലിനീകരണം മൂലം മാത്രമാണ്. 1989 ലെ ഹസാർഡസ് വേസ്റ്റ് റൂൾ ലംഘിച്ച് പ്രവർത്തിച്ചതിന് കമ്പനി പൂട്ടുവാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിട്ടുവെങ്കിലും പിന്നീട് എച്ച്.ഡബ്ല്യു. റൂൾസ് അനുസരിച്ചുള്ള നിബന്ധനകൾ പാലിക്കുവാൻ സമയം അനുവദിക്കുകയാണ് ഉണ്ടായത്.

കാർബൺ കമ്പനിയിൽ നൂറോളം സ്ഥിരം തൊഴിലാളികൾ പണിയെടുക്കുന്നു. ഇതിൽ 14 പേർ മാത്രമേ സമീപവാസികളായുള്ളൂ. മറ്റുള്ളവർ വേറെ ജില്ലകളിലും സംസ്ഥാനത്തും ഉള്ളവരാണ്. ഇവർ കരിമുകളിൽ നിന്നും ദൂരെ മാറിയാണ് താമസിക്കുന്നത്. ഈ സ്ഥാപനത്തിലെ തൊഴിലാളികളെ ആർ.പി.ജി. ഗ്രൂപ്പിന്റെ മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റാവുന്നതാണ്. അല്ലെങ്കിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം കൊടുത്ത് പിരിച്ചുവിടാവുന്നതാണ്.


ഈ കമ്പനി വളരെ ജനസാന്ദ്രത കൂടിയ പ്രദേശത്ത്, യാതൊരു ബഫർ സോണും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ശരിയായ Environmental Impact Study ഇതുവരെ നടന്നിട്ടില്ല. മലിനീകരണ നിവാരണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കരിമുകളിൽ പ്രവർത്തിച്ചാൽ കമ്പനിക്ക് സാമ്പത്തികമായി നഷ്ടം സംഭവിക്കുമെന്നതിനാലാണ്, കഴിഞ്ഞ 20 വർഷമായി കമ്പനി മലിനീകരണം നടത്തിക്കൊണ്ട് മുന്നോട്ടു പോകുന്നത്. അതുകൊണ്ടാണ് ഈ കമ്പനി കരിമുകളിൽ നിന്നും മാറ്റി സ്ഥാപിക്കണമെന്ന് കരിമുകൾ ജനത ആവശ്യപ്പെടുന്നത്.

കരിമുകളിലെ ദുരിതങ്ങളനുഭവിച്ച് ജീവിക്കുന്ന നിരവധി ആളുകളെ പ്രതിനിധീകരിച്ചുകൊണ്ട് ഒരു പറ്റം യുവാക്കൾ ഈ സമരത്തിന് സജീവ സാന്നിദ്ധ്യമാണ്. യാതൊരു വിധ മലിനീകരണ നിവാരണ മാർഗ്ഗങ്ങളുമില്ലാതെ പ്രവർത്തിക്കുന്ന ഈ കമ്പനിക്കെതിരെയുള്ള കരിമുകൾ ജനതയുടെ പ്രത്യക്ഷ സമരം 3 വർഷം കഴിഞ്ഞിരിക്കുകയാണ്. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ധർണ്ണയും പ്രകടനവും നടത്തുന്നു. സമരത്തിന്റെ 50-ാം ദിവസം വമ്പിച്ച പ്രതിഷേധ പ്രകടനവും പൊതുസമ്മേളനവും നടത്തി. 60-ാം ദിവസം കമ്പനിക്കു ചുറ്റും മനുഷ്യ മതിൽ സൃഷ്ടിച്ചു. 2001 ഒക്ടോബർ 2-ന് നിരാഹാര സമരം നടത്തി. 100-ാം ദിവസം പൊതുസമ്മേളനവും പ്രകടനവും നടത്തി. 200-ാം ദിവസം **'മനുഷ്യ സാഗരം'** കരിമുകളിൽ സൃഷ്ടിച്ചു. സമരം ഒരു വർഷം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. വ്യവസായം -വികസനം-പരിസ്ഥിതി എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. ആർ.എൽ.വി.യിലെ കലാ വിദ്യാർത്ഥികൾ സമരചരിത്രം ക്യാൻവാസിൽ പകർത്തി. മൃഗങ്ങളും സസ്യങ്ങളും മനുഷ്യരും ഒത്തുചേർന്നു **'ജീവൻ രക്ഷാ മഹാസംഗമം'** 2002 ജൂലൈ 26-ന് കരിമുകളിൽ നടന്നു.

500-ാം ദിവസമായ 2002 ഡിസംബർ 8-ന് പൊതുസമ്മേളനവും നിശാധർണ്ണയും കരിദിനവും ആചരിച്ചു. ജനകീയ സമരത്തിന്റെ രണ്ടാം വർഷം തികഞ്ഞ അന്ന് കരിമുകളിൽ അവകാശ സന്ദേശ സമരം സംഘടിപ്പിച്ചു. ജീവിക്കാനുള്ള അവകാശം കരിമുകൾ ജനതക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പതിനായിരത്തിൽ കൂടുതൽ പോസ്റ്റ് കാർഡുകളിൽ സന്ദേശമെഴുതി ഇന്ത്യൻ പ്രസിഡണ്ടിനും ഇന്ത്യൻ ചീഫ് ജസ്റ്റിസിനും അയക്കുകയുണ്ടായി, കൂടാതെ അന്നേദിവസം കരിമുകളിൽ വമ്പിച്ച പ്രതിഷേധ പ്രകടനവും പൊതുയോഗവും നടത്തി.

1000-ാം ദിവസത്തിന്റെ പരിപാടിയുടെ ഭാഗമായി എറണാകുളത്ത് വച്ച് ഒരു സെമിനാർ 'വികസനവും ജീവിക്കുവാനുള്ള അവകാശവും' നടത്തപ്പെട്ടു. അന്നേദിവസം കരിമുകളിൽ വച്ച് നടന്ന വമ്പിച്ച പ്രകടനവും പൊതുസമ്മേളനവും ലോകപ്രശസ്ത ഡോക്യുമെന്ററി, സിനിമാ സംവിധായകൻ ആനന്ദ് പട്വർദ്ധൻ ഉദ്ഘാടനം ചെയ്തു. സമരത്തിന്റെ മൂന്നാം വാർഷികമായ 2004 ജൂലൈ 26 ന് കരിമുകളിൽ കരിദിനം ആചരിച്ചു. കടകമ്പോളങ്ങൾ അടഞ്ഞു കിടന്നു. രാവിലെ മുതൽ വൈകുന്നേരം വരെ ധർണ്ണയും പ്രകടനവും തുടർന്ന് പൊതുസമ്മേളനവും നടന്നു. ഈ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പലപ്പോഴായി ഇന്ത്യയിലേയും കേരളത്തിലേയും പ്രമുഖ പരിസ്ഥിതി പ്രവർത്തകരും സാമൂഹ്യ സാംസ്കാരിക നായകരും കരിമുകളിൽ എത്തുകയുണ്ടായി. മേധാ പട്കർ (നർമ്മദ ബച്ചാവോ ആന്തോളൻ), സഞ്ജയ് മംഗള ഗോപാൽ (സമാജ് വാദി ജന പരിഷത്ത്), ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, ജ: പി.കെ. ഷംസുദ്ദീൻ, ജ: കെ.കെ. നരേന്ദ്രൻ, ഡോ. സുകുമാർ അഴീക്കോട്, പ്രൊഫ. എം.കെ. പ്രസാദ്, പ്രൊഫ. എം.കെ. സാനു, സുഗതകുമാരി, ഡോ. എം.സി. ജോർജ്ജ്, ഡോ. സെബാസ്റ്റ്യൻ പോൾ, ശ്രീമതി. ലീലാ മേനോൻ, അഡ്വ. രാംകുമാർ, ഡോ. എം.പി. സുകുമാരൻ നായർ, ഡോ. സി.എം. ജോയി, എം.എം. ഗ്രേസ്സി എന്നിവർ മലിനീകരണ വിരുദ്ധ സമിതിയുടെ പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. ഫിലിപ്സ് കാർബൺ കമ്പനിക്കെതിരെയുള്ള നിയമ നടപടികൾ കേരള ഹൈക്കോടതിയിലും അപ്പലേറ്റ് കോടതിയിലും നടത്തി വരികയാണ്. കമ്പനിക്കെതിരെയുള്ള മലിനീകരണ വിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾ വിജയത്തോടടുക്കുകയാണ്. സമരഭടന്മാർക്കെതിരെയുള്ള 10 ഓളം വ്യാജ കേസുകൾ ഈ നാട്ടിലെ ജനങ്ങൾ സുധീരം കോടതിയിൽ നേരിടുകയാണ്.

# നിയമസഭാ പരിസ്ഥിതി സമിതി (2001–03) റിപ്പോർട്ടിൽ നിന്ന്




കാർബൺ ബ്ലാക്ക് ഫാക്ടറിയും പരിസര പ്രദേശങ്ങളും സന്ദർശിച്ചതിന്റെയും തെളിവെടുപ്പിന്റെയും, ഉദ്യോഗസ്ഥന്മാരുമായുള്ള ചർച്ചകളുടെയും, പഠനത്തിന്റെയും അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു:

1. ഫാക്ടറിയുടെ പ്രവർത്തനംമൂലം ജല വായു മലിനീകരണം ഉണ്ടായിട്ടുണ്ട്. 2. ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങുമ്പോൾ ഏർപ്പെടുത്തിയിരുന്ന ജല വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ തുലോം അപര്യാപ്തമായിരുന്നു. 3. ഈ ഫാക്ടറി മൂലമുള്ള വായു മലിനീകരണം സമീപവാസികൾക്ക് പലവിധ രോഗങ്ങളും ബാധിക്കുവാൻ ഇടയാക്കി. 4. ഏറ്റവും ആധുനികമായ സാങ്കേതികവിദ്യ ഉപയോഗിച്ച് കമ്പനിമൂലം ഉണ്ടാക്കുന്ന പരിസര മലിനീകരണം കുറച്ചുകൊണ്ടുവരുവാൻ കമ്പനി തയ്യാറായിട്ടില്ല. 5. ഇത്തരത്തിൽ മലിനീകരണം വിതയ്ക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥലമല്ല കരിമുകൾ. 6. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ എല്ലാം നിർബന്ധമായും കമ്പനി പാലിച്ചിട്ടില്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത് സമിതി താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

**ശുപാർശകൾ/നിർദ്ദേശങ്ങൾ**

1. കരിമുകൾ ഫിലിപ്സ് കാർബൺ ഫാക്ടറി മൂലമുള്ള മലിനീകരണം പ്രധാനമായും രണ്ടാണ്.

(ഒന്ന്) ജലമലിനീകരണം, (രണ്ട്) വായു മലിനീകരണം, ഫാക്ടറിയിൽ നിന്നും പുറന്തള്ളപ്പെടുന്ന പാഴ്ജലത്തിൽ കരിയും ഓയിലും അതോടൊപ്പം ഹൈഡ്രജൻ സൾഫൈഡിന്റെ രൂക്ഷഗന്ധവും കലർന്നിട്ടുണ്ട്. ഇത് സമീപമുള്ള കിണറുകളിലും, അതോടൊപ്പം തന്നെ കൃഷിയിടങ്ങളിലും എത്തുന്നതുമൂലം മലിനീകരണത്തിന് ഇടയാകുന്നു. ഇത് ശരിയാംവണ്ണം സംസ്കരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് കാലാകാലങ്ങളിൽ ഗവൺമെന്റ് പരിശോധിച്ച് ഉറപ്പു വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. 2. ഫാക്ടറി പ്രവർത്തിക്കുമ്പോൾ പുറത്തുവരുന്ന കരിപ്പൊടിയും ഹൈഡ്രജൻ സൾഫൈഡും വാതകവും കാരണം സമീപവാസികൾക്ക് ശ്വാസകോശസംബന്ധമായ അസുഖങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഫാക്ടറിയിൽ ബഹിർഗമിക്കുന്ന പുകയിൽ അടങ്ങിയിരിക്കുന്ന കരിപ്പൊടി അരിച്ചുമാറ്റുന്നതിന് ആധുനിക ക്രമീകരണങ്ങളോടുകൂടിയ ഡസ്റ്റ് കളക്റ്റിംഗ് ബാഗുകളും മറ്റ് ക്രമീകരണങ്ങളും ഉപയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. 3. ഫാക്ടറിയും പരിസരവും മലിനീകരണ വിമുക്തമാക്കുവാൻ സർക്കാർ നിയമിച്ച ശർമ്മാ കമ്മീഷന്റെ റിപ്പോർട്ടിലെ 14 വ്യവസ്ഥകളും നിർദ്ദേശങ്ങളും അടിയന്തിരമായും നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. 4. ഫാക്ടറിയിൽ നിന്നും പുറന്തള്ളപ്പെടുന്ന പാഴ്ജലവും, കാർബൺ കലർന്ന വായുവും കാരണം കൃഷിനാശവും മറ്റ് അസുഖങ്ങളും ബാധിച്ചവർക്കും സർക്കാർ തക്കതായ ധനസഹായം കമ്പനിയിൽ നിന്ന് വാങ്ങി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. പരിസ്ഥിതി വിദഗ്ദ്ധർ ഉൾക്കൊള്ളുന്ന ഒരു സംഘത്തെക്കൊണ്ട് ഫാക്ടറിയുടെ പ്രവർത്തനംമൂലം ഉണ്ടാകുന്ന മലിനീകരണം പഠനവിധേയമാക്കേണ്ടതാണെന്നും അവർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

6. കമ്പനിയിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന ആളുകൾക്ക് ആസ്മ, തലവേദന, ത്വക്ക് രോഗം തുടങ്ങിയ രോഗങ്ങൾ തീവ്രമായി കാണപ്പെടുന്നു. ഈ രോഗങ്ങൾ എല്ലാ പ്രായക്കാരെയും ബാധിച്ചിട്ടുള്ളതായും കമ്പനിയിൽ നിന്നും ദൂരം കൂടുന്തോറും രോഗത്തിന്റെ തീവ്രത കുറയുന്നതായും കമ്പനി പൂട്ടിയപ്പോൾ രോഗം കുറഞ്ഞതായും ജനങ്ങൾ അവകാശപ്പെടുന്നു. ഇക്കാര്യം ഗൗരവമായി കാണുന്നതിനാൽ ഏതുതരത്തിലുള്ള മലിനീകരണമാണ് രോഗാവസ്ഥയ്ക്ക് കാരണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, വിദഗ്ദ്ധ ഡോക്ടർമാർ, കെമിക്കൽ എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഒരു പഠനത്തിലൂടെ മാത്രമേ വ്യക്തമാകൂ എന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ എത്രയും പെട്ടെന്ന് അപ്രകാരമൊരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ജോർജ്ജ് ജെ. മാത്യു
ചെയർമാൻ
പരിസ്ഥിതി സമിതി